(ബി) വിദേശത്ത് തൊഴിൽ അവസരങ്ങൾ തേടുന്ന മുസ്ലീം യുവാക്കൾക്ക് ഹ്രസ്വകാല പരിശീലനം നൽകുന്നതിന് പ്രത്യേക കേന്ദ്രം ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ നൽകുമോ ;

(സി) ഇവിടെ എന്തൊക്കെ പരിശീലന പരിപാടികളാണ് നടത്തിവരുന്നത് ;

(ഡി) ഈ കേന്ദ്രങ്ങൾ ആരംഭിച്ചശേഷം ഇതുവരെ എത്ര പേർക്ക് ഹ്രസ്വകാല പരിശീലനം നൽകിയിട്ടുണ്ട് ;

(ഇ) ഈ വർഷം പുതിയ സെന്ററുകൾ എവിടെയൊക്കെ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) സംസ്ഥാനത്തെ മുസ്ലീം ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനായി പാലോളി മുഹമ്മദ്കുട്ടി കമ്മിറ്റി ശുപാർശ പ്രകാരം മുസ്ലീം വനിതകൾക്ക് സ്വയംതൊഴിൽ ആരംഭിക്കുന്നതിന് പരിശീലനം നൽകുന്ന പദ്ധതിയും തീരപ്രദേശങ്ങളിലും മലയോര പ്രദേശങ്ങളിലുമുള്ള മുസ്ലീംങ്ങളുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുള്ള പ്രത്യേക പദ്ധതികളും നടപ്പാക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി-ഇ) ഇല്ല. എന്നാൽ അഭ്യസ്തവിദ്യരായ മുസ്ലീം യുവജനതയ്ക്ക് യു.പി.എസ്.സി, പി.എസ്.സി., ബാങ്കിംഗ് സർവ്വീസ്, എൻട്രൻസ് തുടങ്ങിയ മത്സര പരീക്ഷകൾക്കുള്ള ഹ്രസ്വകാല പരിശീലനം നൽകുന്നതിന് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിൽ കോച്ചിംഗ് സെന്ററുകൾ ആരംഭിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. അതിൽ കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലെ കോച്ചിംഗ് സെന്ററുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിലെ പൊന്നാനിയിൽ കോച്ചിംഗ് സെന്റർ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. വയനാട് ജില്ലയിൽകൂടി ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കോഴിക്കോട് കേന്ദ്രത്തിൽ ആദ്യ ബാച്ചുകളിൽ 160 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്.

മറൈൻ എൻഫോഴ്സ്മെന്റ് വകുപ്പിൽ ലഭ്യമാക്കിയിട്ടുള്ള മൊബൈൽ ഫോണുകൾ

183 (4807) ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. കെ. ബാബു :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മറൈൻ എൻഫോഴ്സ്മെന്റ് വകുപ്പിൽ ഏതെല്ലാം ഉദ്യോഗസ്ഥർക്കും മേധാവികൾക്കുമാണ് മൊബൈൽ ഫോൺ സൗകര്യം ലഭ്യമാക്കിയിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏത് കമ്പനികളുടെ മൊബൈൽ ഫോണുകളാണ് ഇവർക്ക് നൽകിയിട്ടുള്ളത് ; ഇതിനായി ആകെ എന്ത് തുക ചെലവ്വന്നു ;

(സി) ഇത്തരം ഫോണുകൾ, ഔദ്യോഗിക ആവശ്യങ്ങൾക്കല്ലാതെ ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) റിട്ടയർ ചെയ്തവരും ബന്ധപ്പെട്ട വകുപ്പിൽനിന്നും മാറിയവരും ഇപ്പോൾ പ്രസ്തുത മൊബൈൽ ഫോണുകൾ ഉപയോഗിക്കുന്നുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ അവ തിരികെ വാങ്ങുന്നതിനു നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഫിഷറീസ് വകുപ്പിൻ കീഴിലുള്ള മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗത്തിൽ കെ.എം.എഫ്.ആർ. ആക്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി താഴെ പറയുന്ന ഉദ്യോഗസ്ഥർക്ക് മൊബൈൽ ഫോൺ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

1. പോലീസ് സൂപ്രണ്ട് (മറൈൻ എൻഫോഴ്സ്മെന്റ്)
2. ചീഫ് ഗാർഡ് (മറൈൻ എൻഫോഴ്സ്മെന്റ്)
3. ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ (മറൈൻ എൻഫോഴ്സ്മെന്റ്)
4. ഇൻസ്പെക്ടർ ഓഫ് ഗാർഡ്, നീണ്ടകര
5. ഇൻസ്പെക്ടർ ഓഫ് ഗാർഡ്, വൈപ്പിൻ
6. ഇൻസ്പെക്ടർ ഓഫ് ഗാർഡ്, ബേപ്പൂർ
7. സബ് ഇൻസ്പെക്ടർ ഓഫ് ഗാർഡ്, കണ്ണൂർ
8. സബ് ഇൻസ്പെക്ടർ ഓഫ് ഗാർഡ്, വിഴിഞ്ഞം
9. കൺട്രോൾ റൂം, അഴീക്കൽ, കൊല്ലം, (ട്രോൾബാൻ കാലയളവിൽ)
10. കൺട്രോൾ റൂം, മുനമ്പം (ട്രോൾബാൻ കാലയളവിൽ)

(ബി) ഏതു കമ്പനികളുടെ ഫോണുകളാണെന്നും എന്തു തുക ചെലവായെന്നുമുള്ള വിവരം ശേഖരിച്ചുവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) റിട്ടയർ ചെയ്തവരും ഈ വിഭാഗത്തിൽ നിന്നും മാറിയവരും ഇപ്പോൾ മേൽ പ്രസ്താവിച്ച ഫോൺ കണക്ഷനുകൾ ഉപയോഗിക്കുന്നതായി അറിവില്ല.

(ഇ) ബാധകമല്ല.

1132/13

LIBRARY ARCHIVES Kerala Legislative Assembly